മേധാവി, ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ സപ്ലൈ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസർ, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ എന്നിവർ അംഗങ്ങളായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായം

207 (8043) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര യുവതികൾക്ക് എത്ര രൂപ വീതം പട്ടികവർഗ്ഗ വകുപ്പ് വഴി വിവാഹ ധനസഹായം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ ;

(ബി) പട്ടികവർഗ്ഗ യുവതികൾക്ക് വിവാഹ ധനസഹായത്തിനായുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

(സി) പ്രസ്തുത അപേക്ഷകളിന്മേൽ എന്നത്തേക്ക് തീർപ്പുകല്പിക്കാനാകുമെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 11 പട്ടികവർഗ്ഗ യുവതികൾക്ക് 10,000 രൂപ വീതവും ഒരാൾക്ക് 40,000 രൂപയും 410 പട്ടികവർഗ്ഗ യുവതികൾക്ക് 20,000 രൂപ വീതവും 406 പട്ടികവർഗ്ഗ യുവതികൾക്ക് 50,000 രൂപ വീതവും വിവാഹ ധനസഹായമായി അനുവദിച്ച നൽകിയിട്ടുണ്ട്.

(ബി) 43 അപേക്ഷകൾ നിലവിലുണ്ട്.

(സി) പ്രസ്തുത അപേക്ഷകൾ ഉടനെതന്നെ പരിശോധിച്ച് തീർപ്പ് കൽപ്പിക്കുന്നതാണ്.

പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ധനസഹായം

208 (8044) <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ എത്ര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് എത്ര രൂപ വീതം പട്ടികവർഗ്ഗ വകുപ്പ് വഴി വിതരണം ചെയ്തെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചികിത്സാ ധനസഹായത്തിനുള്ള എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ അപേക്ഷകളിൽ എന്നത്തേക്ക് തീർപ്പുകല്പിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 48676 പേർക്ക് 11,23,70,000 രൂപ ചികിത്സാ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 12 അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിനായി നിലവിലുണ്ട്.

(സി) അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട അനുബന്ധ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ

209 (8045) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗക്കാരുടെ വായ്പകൾ എഴുതി തള്ളുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഏതൊക്കെ കാലയളവിൽ എടുത്ത ഏതൊക്കെ വായ്പകളാണ് എഴുതിതള്ളുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങൾ സർക്കാർ വകുപ്പുകൾ, കോർപ്പറേഷനുകൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും എടുത്തിട്ടുള്ളതും 31-3-2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശ്ശികയുള്ളതുമായ വായ്പ പലിശയും പിഴപ്പലിശയുമുൾപ്പെടെ 25,000 രൂപ വരെയുള്ളത് എഴുതിത്തള്ളുന്നതിനും അതിന് മുകളിലുള്ള തുകയ്ക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിനും ഉത്തരവായിരുന്നു. ടി പദ്ധതിയുടെ കാലാവധി 30-6-2013-ന് അവസാനിച്ചു. ഈ സാഹചര്യത്തിൽ 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് പട്ടികവർഗ്ഗക്കാരുടെ 50,000 രൂപവരെയുള്ള വായ്പ എഴുതിത്തള്ളുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly